**ക്രമപ്രശ്നം**

## പ്ലാന്റേഷൻ ലേബർ ആക്ടിന്റെ ചട്ടങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അസംബ്ലി ആയാലും പാർലമെന്റ് ആയാലും നിയമനിർമ്മാണ സഭകളിൽ ബിൽ വരുമ്പോൾ പ്രതീക്ഷകളും ആശകളും ഉണ്ടാകുന്നുണ്ട്. ആ ബിൽ നിയമമാകുമ്പോൾ ജനങ്ങൾക്ക് ഗുണവും നന്മയും ചെയ്യുമെന്നുള്ള ആശയാണ് ബില്ലിന്റെ ചർച്ചകളിൽ അംഗങ്ങൾ വളരെ ആവശത്തോടും ആത്മാർത്ഥയോടും പങ്കെടുക്കുന്നതിന്റെ പ്രധാന കാരണം. ആ ബിൽ നിയമമായി വരുമ്പോൾ പ്രതീക്ഷിച്ച പോലെ ജനങ്ങൾക്ക് ഗുണകരമായി തീരുന്നില്ലെന്നത് ഒരു പരമാർത്ഥമാണ്. അതിനുള്ള പ്രധാന കാരണം, ആക്ട് ഉണ്ടെങ്കിലും ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിലുള്ള റൂൾ ഉണ്ടാകുന്നില്ലെന്നതാണ്. അത്തരത്തിലുള്ള ഒരു ദൃഷ്ടാന്തമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നത്. 2010-ലെ The Plantations Labour Amendment Act No. 17 പ്രകാരം Plantations Labour Act-1951-ന്റെ സെക്ഷൻ 2, 18(b), 32(b), 33, 35, 36, 37, 39, 39 (a), 43 എന്നിവ ഭേദഗതി ചെയ്തു. അതിൽ Section 2(9). Every employer shall exhibits such precautionary notices as may be prescribed by the state Government indicating the hazards of insecticides, chemicals and toxic substances. എന്നും Section 18(b)(1) The

State Government may by notification in the official gazette make rules to carry out the purpose of this chapter. എന്നും പറയുന്നു. അപകടകരമായ രാസപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലിൽ സ്ത്രീകളേയും കുട്ടികളേയും നിയമിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക, അത്തരം തൊഴിൽ മേഖലകളിൽ സൂപ്പർവൈസർമാരായി നിയമിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസയോഗ്യത, ഈ തൊഴിലിൽ ഏർപ്പെടുന്നവർക്ക് നൽകേണ്ട പരിശീലനം, അവരുടെ വൈദ്യപരിശോധന, കീടനാശിനികളും അപകടകരമായ രാസപദാർത്ഥങ്ങളും കൈകാര്യം ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്ക് നൽകേണ്ട ഉപകരണങ്ങളും സൗകര്യങ്ങളും പ്രദർശിപ്പിക്കേണ്ട മുൻകരുതൽ നോട്ടീസുകൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ചട്ടങ്ങൾ രൂപീകരിക്കാനാണ് ആക്ടിൽ സംസ്ഥാന സർക്കാരുകളെ അധികാരപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2010-ൽ നിയമം പാസ്സാക്കി ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകിയിട്ടും നമ്മുടെ സംസ്ഥാനം ഇതുവരെ അതുപ്രകാരമുള്ള ചട്ടം പുറപ്പെടുവിച്ചിട്ടില്ല. ഈ ചട്ടങ്ങളുടെ അഭാവം അപകടകരമായ കീടനാശിനികളും മറ്റ് രാസപദാർത്ഥങ്ങളും അലക്ഷ്യമായും മുൻകരുതൽ ഇല്ലാതെയും കൈകാര്യം ചെയ്യുന്നതിന് ഇടയാക്കുകയും അപകങ്ങൾക്ക് കാരണമാവുകയും ചെയ്യും. അപകടകരമായ ഈ രാസവസ്തുക്കൾ

കൈകാര്യം ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷ പാലിക്കപ്പെടാതിരിക്കാൻ ഇടവരുത്തുകയും ചെയ്യും. എൻഡോസൾഫാൻ പോലെ അത്യന്തം അപകടകരമായ കീടനാശിനി മൂലമുള്ള ദുരന്തം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന മണ്ഡലത്തിന്റെ പ്രതിനിധിയാണ് ഞാൻ. ശ്രീ. എൻ. ഷംസുദ്ദീന്റെയും മണ്ഡലം അതുപോലെയാണെന്ന് ഞാൻ കരുതുന്നു. എൻഡോസൾഫാന്റെ ഉപയോഗം നിരോധിച്ചിട്ടുണ്ടെങ്കിലും ശേഷിക്കുന്നവ നിർവ്വീര്യമാക്കുന്ന നടപടി സ്വീകരിക്കണമെങ്കിൽ ഈ ചട്ടങ്ങൾ അടിന്തരമായി പുറപ്പെടുവിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇക്കാര്യം ചട്ടം 303 പ്രകാരം സഭയിൽ ഉന്നയിക്കുന്നതോടൊപ്പം അടിയന്തര പരിഹാരം ഉണ്ടാകണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ്. എന്നാലിത് സംസ്ഥാനം മുഴുവൻ ബാധകമായിട്ടുള്ള കാര്യമാണ്. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് ആക്ടിന് ധാരാളം ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. അതിലൊരു പ്രധാനപ്പെട്ട ഭേദഗതിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. രാസവസ്തുക്കളുള്ള ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള

സാധനങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ കുട്ടികളെയും സ്ത്രീകളെയും ഒഴിവാക്കണമെന്നുള്ളതാണ് ആ ഭേദഗതി. ഈ സർക്കാർ അത് നടപ്പാക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടിയെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹം ഇവിടെ ക്വാട്ട് ചെയ്ത ഭേദഗതിയായ 18 (ബി) (2)-ൽ പറയുന്നത് 'The state Government may make rules for prohibiting and restricting employment of women and adolescence' എന്നാണ്. 'may' എന്നാണ് പറഞ്ഞിരിക്കുന്നത് അതായത് വേണമെങ്കിൽ ചെയ്യാമെന്നാണ്. വേണമെന്നാണ് ഈ ഗവൺമെന്റിന്റെ തീരുമാനം.

മി. സ്പീക്കർ: 'Shall' എന്നായിരുന്നു ചേർക്കേണ്ടത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതുവേണ്ട. നമുക്ക് അത് ചെയ്യാനുള്ള അധികാരം ഈ വാക്കുകൊണ്ട് തന്നെ കിട്ടുന്നുണ്ട്. ഈ ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലേബർ കമ്മീഷണറോട് പ്രത്യേകമായിട്ടുള്ള ഒരു റിപ്പോർട്ട് ആവശ്യപ്പെടുകയും അദ്ദേഹം അത് നൽകുകയും ചെയ്തു. ആ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിൽ വെറ്റ് ചെയ്യുന്നതിനുവേണ്ടി പോയപ്പോൾ നിയമവകുപ്പ് ബന്ധപ്പെട്ട കക്ഷികൾക്ക് അഭിപ്രായമറിയിക്കാൻ വേണ്ടി പബ്ലിഷ് ചെയ്യണമെന്നും

ഒബ്ജക്ഷനോ സജഷനോ ഉണ്ടെങ്കിൽ അത് പറയാനുള്ള അവസരം കൊടുക്കണമെന്ന് പറയുകയും ചെയ്തു. അതുശരിയാണ്. പല റൂളും അങ്ങനെതന്നെയാണ്. അതിനുള്ള അവസരം കൊടുത്തിട്ടില്ലെങ്കിൽ അവർ കോടതിയിൽ പോയി സ്റ്റേ ചെയ്യുമെന്ന് മാത്രമല്ല, അത് റദ്ദാക്കുന്ന ചുറ്റുപാടുവരെ ഉണ്ടാകുകയും ചെയ്യും. അതുകൊണ്ട് നിയമവകുപ്പ് സെക്രട്ടറിയോട് അഭിപ്രായം ചോദിക്കുകയും ഇങ്ങനെ ചെയ്യണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ വെബ്സൈറ്റിലും അതുപോലെ സർക്കാരിന്റെ വെബ്സൈറ്റിലും കൊടുത്തു. പത്രങ്ങളിലും പബ്ലിഷ് ചെയ്തു. ഒബ്ജക്ഷൻസും സജഷൻസും കാൾ ഫോർ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി ലേബർ കമ്മീഷണർ സെക്രട്ടറിക്ക് കൊടുക്കുകയും അവർ വീണ്ടും ഹിയറിംഗ് ആവശ്യപ്പെടുകയും ചെയ്തു. ഹിയറിംഗ് ആവശ്യപ്പെട്ടാൽ ഹിയറിംഗ് കൊടുക്കണമെന്നുള്ളതാണ് നിയമം. അതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തിയതിനുശേഷം അതിപ്പോൾ ലേബർ കമ്മീഷണറുടെ പരിഗണനയിലാണ്. അന്തിമമായ പ്രൊപ്പോസൽ ഉടൻതന്നെ ലഭിക്കുന്നതാണ്. ആ പ്രൊപ്പോസൽ ലഭിച്ചുകഴിഞ്ഞാൽ അത് നോട്ടിഫൈ ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം ഇവിടെ ആവശ്യമുള്ള കാര്യംതന്നെയാണ്.